**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം770 03.12.2014-ൽ മറുപടിക്ക്**

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ അലോപ്പതി, ഹോമിയോ, ആയുർവ്വേദ ഡോക്ടർമാരുടെ തസ്തികകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഹംസ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര ഡോക്ടർ മാരുടെ തസ്തികകൾ ആണ് അനുവദിച്ചിട്ടുള്ളത്; അലോപ്പതി, ഹോമിയോ, ആയുർവേദം എന്നീ വിഭാഗം ആശുപത്രികളിലെ വിവരം പ്രത്യേകം പ്രത്യേകം അറിയിക്കുമോ; | (എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ 40 അലോപ്പതി ഡോക്ടർമാരുടെയും, 12 ആയുർവ്വേദ ഡോക്ടർമാരുടെയും, 5 ഹോമിയോപ്പതി ഡോക്ടർമാരുടെയും തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) അലോപ്പതി, ഹോമിയോ, ആയുർവേദം എന്നീ വിഭാഗം ആശുപത്രികളിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്; പ്രത്യേകം, പ്രത്യേകം അറിയിക്കുമോ; | (ബി) അലോപ്പതിയിൽ 8 ഡോക്ടർമാരുടെയും, ആയുർവ്വേദത്തിൽ 1 ഡോക്ടറുടേയും ഒഴിവുകൾ ഉണ്ട്. ഹോമിയോപ്പതിയിൽ ഒഴിവുകളൊന്നും നിലവിലില്ല. |
| (സി) സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന സർക്കാർ ആതുരാലയങ്ങളിൽ ഡോക്ടർമാരുൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകരുടെ ഒഴിവുകൾ ഉണ്ടാക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉടൻ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രൊമോഷൻ മുഖേന സൂപ്രണ്ട്, കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതാണ്. സർവ്വീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് പ്ലേസ്മെന്റ് നൽകി ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്. എം മുഖാന്തിരവും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ